"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഹോമിയോപ്പതി വകുപ്പ് - എറണാകുളം ജില്ലയിലെ രാമമംഗലം ഗ്രാമപഞ്ചായത്തിൽ സർക്കാർ ഹോമിയോ ഡിസ്പെൻസറിയുടെ പെരിഫെറൽ ഒ.പി. ആഴ്ചയിൽ ഒരു ദിവസം പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.172/2025/AYUSH തീയതി, തിരുവനന്തപുരം, 29-03-2025

---

പരാമർശം:- (1) 30/03/2024-ലെ സി2/32/2022-ആയുഷ് നമ്പർ - പരിപത്രം.

(2) രാമമംഗലം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23/12/2024-ലെ **4/1** - നമ്പർ തീരുമാനം.

(3) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 05/02/2025-ലെ DHTVM/124/2025-P2 - നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ രാമമംഗലം സർക്കാർ ഹോമിയോ ഡിസ്പെൻസറിയുടെ പെരിഫെറൽ ഒ.പി. ആരംഭിക്കുന്നതിന് ഗ്രാമപഞ്ചായത്ത് പരാമർശം-(2) പ്രകാരം തീരുമാനമെടുക്കുയും, പ്രസ്തുത ആവശ്യത്തിൽന്മേൽ ഹോമിയോപ്പതി വകുപ്പ് മേധാവി പരാമർശം-(3) പ്രകാരം പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിരുന്നു.

2) സർക്കാർ ഇക്കാരം വിശദമായി പരിശോധിച്ചു. ഹോമിയോപ്പതി വകുപ്പ് മേധാവി പരാമർശം-(3) പ്രകാരം ലഭ്യമാക്കിയ വസ്തുതകളുടേയും, രേഖകളുടേയും അടിസ്ഥാനത്തിൽ, സൂചന-(1) പരിപത്രത്തിലെ വ്യവസ്ഥയിന്മേൽ, എറണാകുളം ജില്ലയിലെ രാമമംഗലം ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള കെട്ടിടത്തിൽ സർക്കാർ ഹോമിയോ ഡിസ്പെൻസറിയുടെ പെരിഫെറൽ ഒ.പി. ആഴ്ചയിൽ ഒരു ദിവസം പ്രവർത്തിപ്പിക്കുന്നതിന് ഹോമിയോപ്പതി വകുപ്പ് മേധാവിക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SAMEER KUMAR O J**

ഡെപ്യൂട്ടി സെക്രട്ടറി

1. ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം.

2. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), എറണാകുളം.
3. പ്രസിഡന്റ്, രാമമംഗലം ഗ്രാമപഞ്ചായത്ത്, എറണാകുളം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
5. വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
6. കരുതൽ ശേഖരം/ഓഫീസ് പകർപ്പ്. (AYU-C2/34/2025-AYUSH)

ഉത്തരവിൻ പ്രകാരം,

Signed by
Pradeep R S
Date: 29-03-2025 14:54:37

സെക്ഷൻ ഓഫീസർ.